Break the chain

വനിത
ശിശുവികസന
വകുപ്പ്

മഹാത്മാവിനെ ഇന്ത്യ ആഘോഷിക്കുന്നു

# സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം

## സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി- മെംബർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ

(ഹാജർ: അദീല അബ്ദുല്ല IAS ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ് )

വിഷയം :- വനിതാ ശിശു വികസന വകുപ്പ്- ICPS - എറണാകുളം, കണ്ണൂർ എന്നി ജില്ലകളിലെ CWC മെമ്പർമാരുടെ 2021- 22 സാമ്പത്തിക വർഷത്തെ സിറ്റിംഗ് ഫീസ് അടുത്ത ഗഡു അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: 1. 14.09.2021 ലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ നടപടിക്രമങ്ങൾ

2. എറണാകുളം, കണ്ണൂർ ജില്ലകളിൽ നിന്നും ലഭിച്ച ജില്ലാ ശിശു സംരക്ഷണ ഓഫീസർമാരുടെ റിപ്പോർട്ടുകൾ.

***ഉത്തരവ് നമ്പർ- ICPS-4(B)/1921/21 തീയതി: 08.10.2021***

വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കുന്ന സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ജില്ലാ ഘടകങ്ങളിലെ CWC, JJB മെമ്പർമാർക്ക് 2021-22 സാമ്പത്തിക വർഷത്തെ സിറ്റിംഗ് ഫീസായി ICPS-PABയുടെ അടിസ്ഥാനത്തിൽ ഒരു മീറ്റിംഗിന് 1500/- രൂപ നിരക്കില് തുക അനുവദിച്ച് നൽകേണ്ടതുണ്ട്.

ഇപ്രകാരം 14 ജില്ലകളിലും CWC യിൽ ഒരു ചെയർപേഴ്സണും 4മെമ്പർമാരും, കൂടാതെ JJB യിൽ 2 മെമ്പർമാരുമാണ് ഒരു ജില്ലയിൽ അനുവദനീയമായിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം എറണാകുളം, കണ്ണൂർ ഒഴികെയുള്ള CWC, മെമ്പർമാരുടെ 2021-22 സാമ്പത്തിക വർഷത്തെ സിറ്റിംഗ് ഫീസ് നൽകി ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ എറണാകുളം, കണ്ണൂർ ജില്ലകളിലെ ജില്ലാ ശിശു സംരക്ഷണ ഓഫീസറിൽ നിന്നും പരാമർശം 2 പ്രകാരം ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2021-22 സാമ്പത്തിക വർഷം സിറ്റിംഗ് ഫീസിന്റെ അടുത്ത ഗഡുവായി ആകെ **8,32,144/- രൂപ (എട്ട് ലക്ഷത്തി മുപ്പത്തി രണ്ടായിരത്തി നൂറ്റി നാൽപത്തി നാല് രൂപ മാത്രം)** ചുവടെ ചേർക്കും പ്രകാരം അനുവദിച്ച് ഉത്തരവാകുന്നു.

| Sl.no | District | CWC |
|---|---|---|
| 1 | Ernakulam | 3,90,000 |
| 2 | Kannur | 4,42,144 |
| | **Grand Total** | **8,32,144** |

ടി തുക ആകെ 8,32,144/- രൂപ (എട്ട് ലക്ഷത്തി മുപ്പത്തി രണ്ടായിരത്തി നൂറ്റി നാൽപത്തി നാല് രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ ഐ.സി.പി.എസ്-ന്റെ ശീർഷകമായ 2235-02-102-61-34-3-Other Items -(P) ൽ നിന്നും അതാത് ജില്ലകളിലെ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരുടെ പേരില് അലോട്ട്മെൻറ് ആയി അനുവദിക്കേണ്ടതാണ്.

വനിതാ ശിശു വികസന ഓഫീസർമാർ തുക ബന്ധപ്പെട്ട ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്ക് അലോട്ട്മെൻറ് ആയി അനുവദിക്കേണ്ടതും, ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ മാനദണ്ഡങ്ങൾ കർശനമായി പാലിച്ചുകൊണ്ട് തുക ബന്ധപ്പെട്ട CWC, JJB അംഗങ്ങൾക്ക് അനുവദിച്ച് നൽകേണ്ടതുമാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ ടി തുക ICPS മാർഗ്ഗനിർദേശങ്ങൾ പ്രകാരം ചെലവഴിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതും,തുക കൈപ്പറ്റിക്കൊണ്ടുള്ള രസീത്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, CWC, മെമ്പർമാരുടെ പേര്, സിറ്റിംഗുകളുടെ എണ്ണം എന്നിവ സഹിതമുള്ള വിശദമായ എക്സ്പെൻഡിചർ സ്റ്റേറ്റ്മെൻറ് അടിയന്തിരമായി ലഭ്യമാകെണ്ടാതാണ്.

(ഒപ്പ്)

വനിതാ ശിശു വികസന ഡയറക്ടർ &
മെമ്പർ സെക്രട്ടറി SCPS

ബന്ധപ്പെട്ട ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്ക്
ബന്ധപ്പെട്ട ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്ക്

<u>പകർപ്പ്:</u>

1.സൂപ്രണ്ട് A സെക്ഷൻ (അലോട്ട്മെന്റ് നൽകുന്നതിന് വേണ്ടി)
2.ICPS-4
3.സ്റ്റോക്ക് ഫയൽ
4.വെബ്സൈറ്റ്

OFFICE OF THE INTEGRATED CHILD PROTECTION SCHEME
THIRUVANANTHAPURAM-12
WOMEN & CHILD DEVELOPMENT DEPARTMENT

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്